**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **14-01-2021 - ല്‍ മറുപടിയ്ക്ക്**

**കൊച്ചിന്‍ ഫ്രോണ്ടിയര്‍ തോടിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മണലൂര്‍ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി, തൈക്കാട്, കണ്ടാണശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പോകുന്ന കൊച്ചിന്‍ ഫ്രോണ്ടിയര്‍ തോടിന്റെ നവീകരണ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ നല്‍കാമോ ; | (എ) | മണലൂര്‍ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി, തൈക്കാട്, കണ്ടാണശ്ശേരി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കൊച്ചിന്‍ ഫ്രോണ്ടിയര്‍ തോടിന്റെ നവീകരണപ്രവൃത്തികള്‍ക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 'Site clearing and boundary stone fixing works for land surveying of Kochin Frontier thodu in Kunnamkulam and Chavakkad taluk under land Records Tahasildar Chavakkad' എന്ന പ്രവൃത്തിയ്ക്ക് 6.70 ലക്ഷം രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്.ഈ പ്രവൃത്തി മൂന്നു തവണ ദര്‍ഘാസും തുടര്‍ന്ന് ക്വട്ടേഷന്‍ ക്ഷണിക്കുകയും ചെയ്തുവെങ്കിലും കരാറുകാര്‍ ആരും തന്നെ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തില്‍, ഒരിക്കല്‍ കൂടി ക്വട്ടേഷന്‍ ക്ഷണിക്കുവാന്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | ഉണ്ട്. |
| (സി) | 2018-19 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II Vol. II ലെ ക്രമനമ്പര്‍ 4917-ാം നമ്പരായി ഉള്‍പ്പെടുത്തിയ ഈ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (സി) | അതിര്‍ത്തി നിര്‍ണ്ണയിച്ചു ലഭിക്കേണ്ടതുണ്ട്.അതിനുശേഷം തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതി ഉടന്‍ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) | അതിര്‍ത്തി നിര്‍ണ്ണയിച്ചു ലഭിക്കേണ്ടതുണ്ട്.അതിനുശേഷം തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍